# നിങ്ങളുടെ കയ്യക്ഷരത്തിൽ ഫോണ്ട് വേണോ?

തയ്യാറാക്കിയത് sunil george , ghs muttom blog

നിങ്ങൾ അയക്കുന്ന കത്തുകളും, മറ്റ് രേഖകളും സ്വന്തം കയ്യക്ഷരത്തിലാവും. എന്നാൽ ഇതേ അക്ഷരങ്ങൾ കംപ്യൂട്ടറിലും ഉപയോഗിക്കാൻ സാധിച്ചാൽ അത് നിങ്ങളുടെ സ്വന്തം സ്റ്റൈലായി ഉപയോഗിക്കാം. അതായത് നിങ്ങളുടെ മാത്രം ഫോണ്ട്. ഫോണ്ട്  നിർമ്മിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ MyScriptFont.com എന്ന വെബ്സർവ്വീസ് ഉപയോഗിച്ച് ഈ കാര്യം ചെയ്യാം. ആദ്യം സൈറ്റിൽ പോയി ഒരു ടെംപ്ലേററ് പി.ഡി.എഫ് ഫയൽ ഡൗൺലോഡ് ചെയ്ത് പ്രിന്റെടുക്കുക. അതിന് താഴെകാണുന്ന കോളത്തിൽ  ഫോണ്ടിന് നല്കേണ്ടുന്ന പേരും നല്കാം. അത് നിങ്ങളുടെ പേര് തന്നെയാവാം.തുടർന്ന് പ്രിന്റിൽ കാണുന്ന കോളങ്ങളിൽ ഇംഗ്ലീഷ് അക്ഷരങ്ങൾ നിങ്ങളുടെ കൈകൊണ്ട് കറുത്ത മഷി ഉപയോഗിച്ച് എഴുതുക.

ഇതിന് ശേഷം ഈ കടലാസ് സ്കാൻ ചെയ്ത് ഗ്രേ സ്കെയിലിൽ സേവ് ചെയ്യുക.

ഇനി സൈറ്റിൽ പോയി ഈ ഫയൽ അപ്ലോഡ് ചെയ്യുക.

അല്പനേരത്തിനുള്ളിൽ നിങ്ങളുടെ ഫോണ്ടിന്റെ പ്രിവ്യ കാണാം. ഇത് ഡൗൺലോഡ് ചെയ്യാം. .ttf ഫോർമാറ്റാവും ഇവയുടേത്.

സ്വന്തം ശൈലി കംപ്യൂട്ടർ സംബന്ധമായ വർക്കുകളിലും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർക്ക് ഇത് ഏറെ ഇഷ്ടപ്പെട്ടേക്കാം.

http://www.myscriptfont.com/

